**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1875** **31-08-2022 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ സ്റ്റേഡിയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സ്റ്റേഡിയം നിർമ്മാണം/നവീകരണം പദ്ധതിയിൽ തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്റ്റേഡിയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | **തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി പദ്ധതിയുടെ സൂക്ഷ്മ പരിശോധന നടത്തി വിശദമായ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.**<br><br>**മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ഗവ. ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം ടി സ്കൂൾ സൈറ്റ് സന്ദർശിച്ച് പ്രാഥമിക പഠനം നടത്തുകയും ലേ ഔട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചുറ്റുമതിൽ, ഫുട്ബോൾ കോർട്ട്, ഗ്യാലറി, ഡ്രെയിൻ, പാർക്കിംഗ് ഏര്യ, ഫെൻസിംഗ്, സ്വിമ്മിംഗ് പൂൾ ചെയ്ഞ്ച് റൂം, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങൾ നിർമ്മിക്കുന്നതിനുള്ള 300 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ സ്റ്റേഡിയങ്ങൾക്കായി വകയിരുത്തിയ തുകയും ഇവയുടെ ഡി. പി. ആറിൽ ഉൾപ്പെട്ട പ്രവൃത്തികളും വിശദമാക്കുമോ? | (ബി) | **തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി പദ്ധതിയുടെ സൂക്ഷ്മ പരിശോധന നടത്തി വിശദമായ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |

| | | | |
|---|---|---|---|
| | | | മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ഗവ. ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം ടി സ്കൂൾ സൈറ്റ് സന്ദർശിച്ച് പ്രാഥമിക പഠനം നടത്തുകയും ലേ ഔട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചുറ്റുമതിൽ, ഫുട്ബോൾ കോർട്ട്, ഗ്യാലറി, ഡ്രെയിൻ, പാർക്കിംഗ് ഏര്യ, ഫെൻസിംഗ്, സ്വിമ്മിംഗ് പൂൾ ചെയ്ഞ്ച് റൂം, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങൾ നിർമ്മിക്കുന്നതിനുള്ള 300 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ